DESPATCHED
On 03/02/2020

11/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 1972(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.13169/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.സി.ചാണ്ടി,
കിഴക്കയിൽ വീട്,
12–ാം മൈൽ, പാലാ പി.ഒ.,
മീനച്ചിൽ, കോട്ടയം. 686 575. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സബ് രജിസ്ട്രാർ,
   സബ് രജിസ്ട്രാർ ഓഫീസ്, കിടങ്ങൂർ,
   പാലാ, കോട്ടയം.

2. അപ്പീൽ അധികാരി &
   ജില്ലാ രജിസ്ട്രാർ (ജനറൽ),
   ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്,
   കളക്ടറേറ്റ് പി.ഒ., കോട്ടയം – 686 002.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 5.7.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.7.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.8.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 1.10.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25.10.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.10.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.12.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 27.12.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല.<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.സി.ചാണ്ടി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ സെർച്ച് ഫീസ്സായി 100/– രൂപ ഒടുക്കുവാനാണ്

ടിയാനോട് നിർദ്ദേശിച്ചത് എന്നും മേൽപ്പടി അറിയിപ്പ് വിവരാവകാശ നിയമ പ്രകാരം ശരിയല്ലെന്നു ചൂണ്ടിക്കാട്ടി അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ മേൽപ്പടി അപ്പീൽ ഹർജി നിരസിക്കുയാണ് ചെയ്തതെന്നും എതിർകക്ഷികളുടെ തീരുമാനം വിവരാവകാശ നിയമത്തിന് എതിരാണെന്നും വിവരാവകാശ നിയമ പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരം കണ്ടെത്തുന്നതിലേയ്ക്കായി സെർച്ച് ഫീസ് എന്ന രീതിയിൽ ഈടാക്കാൻ നിർവ്വാഹമില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. മരങ്ങാട്ടുപള്ളി സർവ്വീസ് സഹകരണ ബാങ്ക് 3556 മരങ്ങാട്ടുപള്ളി 2016 മെയ് മാസത്തിൽ എം.ആർ.എം. & പി.സി.എസ്. കെ-118 പേരിൽ ഗഹാൻ (പണയാധാരം) രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും

ii. മേൽ വിവരിച്ചതുപോലെ ഗഹാൻ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്റ്റർ നമ്പർ, പണയ വസ്തു, തീയതി, തുക എന്നിവ കാണിച്ചുള്ള വിവരങ്ങൾ നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിന് തെരച്ചിൽ ഫീസ് ഇനത്തിൽ 100/- രൂപ ഒടുക്കണമെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി വിവരാവകാശ നിയമത്തിനും ചട്ടത്തിനും വിരുദ്ധമാണെന്നും മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഫീസ് നൽകുന്നതിന് ടിയാൻ ബാധ്യസ്ഥനല്ലെന്നും തെരച്ചിൽ ഫീസായ 100/- രൂപ രജിസ്ട്രേഷൻ നിയമ പ്രകാരം ഉള്ളതാണെന്നും ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമ പ്രകാരമുള്ളതാണെന്നുമാണ്. മേൽപ്പടി അപ്പീൽ ഹർജി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സബ് രജിസ്ട്രാർ ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണെന്നും പല രേഖകൾ പരിശോധിച്ച് തയ്യാറാക്കേണ്ടതാണെന്നും വിവരാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തന്നെ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് 1908 പ്രകാരം പൊതു ജനങ്ങൾക്ക് ലഭ്യമായവ ആണെന്നും അപ്രകാരം വിവരം നൽകുന്നതിന് മേൽപ്പടി നിയമ പ്രകാരം നിശ്ചിത ഫീസ് ഒടുക്കേണ്ടതാണെന്നും വിവരാവകാശ നിയമ പ്രകാരം അപേക്ഷിച്ചാലും ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള ഫീസാണ് സർക്കാരിന് റവന്യൂ നഷ്ടം സംഭവിക്കാതിരിക്കാൻ അപേക്ഷകരിൽ നിന്നും ഈടാക്കുന്നത് എന്നും ആയത് സംസ്ഥാന വിവരാവകാശ കമ്മീഷൻ 31.7.2006-ലെ 1340/എസ്.ഐ.സി-ജൻ/06-ാം വിധിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 19.10.2006 ലെ ആർ.ആർ.5-14310/06-ാം നമ്പർ സർക്കുലർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമാണെന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിക്കാരന്റെ ആക്ഷേപം എതിർകക്ഷി, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകുന്നതിലേയ്ക്കായി 100/-രൂപ തെരച്ചിൽ ഫീസ് ഒടുക്കണമെന്ന് നിർദ്ദേശിച്ചത് സംബന്ധിച്ചാണെന്നു കാണുന്നു. എതിർകക്ഷികൾ ഹർജിക്കാരന് നൽകിയിട്ടുള്ള മറുപടികൾ വിവരാവകാശ നിയമപ്രകാരം

അംഗീകരിക്കുവാൻ നിർവ്വാഹമില്ല. വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് വിവരാവകാശ നിയമത്തിൽ പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി Kerala Right to Information (Regulation of Fee & Cost Rules), 2006 പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കുവാൻ നിർവ്വാഹമുള്ളു. വിവരാവകാശ നിയമം 7(5) വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളത്, വിവരാവകാശ അപേക്ഷകൻ ആവശ്യപ്പെടുന്ന പകർപ്പുകൾക്ക് ഈടാക്കുന്ന ഫീസ് ന്യായമായിരിക്കണമെന്നാണ്. ബഹു: സുപ്രീം കോടതി റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 194/2012 20.3.2018 ലെ വിധിയിൽ പ്രസ്താവിച്ചത്, സാധാരണയായി വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളിൽ 50 രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജ് ഒന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നുമാണ്. ബഹു: കേരള ഹൈക്കോടതി 6.6.2017 തീയതി WP(C) 18118/2017 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിയിൽ വ്യക്തമാക്കിയത് വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് ബന്ധപ്പെട്ട വകുപ്പോ അധികാര സ്ഥാനമോ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാൻ പാടുള്ളതല്ലെന്നും വിവരാവകാശ നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ് മാത്രമേ ഈടാക്കാൻ നിർവ്വാഹമുള്ളു എന്നുമാണ്. ഇക്കാര്യം സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഫുൾ ബഞ്ച് എ.പി.2281(1)/2018/എസ്.ഐ.സി ഉത്തരവിലും ഏകകണ്ഠമായി വ്യക്തമാക്കിയിട്ടുള്ളതാണ്. രണ്ടാം എതിർകക്ഷി അവകാശപ്പെടുന്നതു പോലെ വിവരാവകാശ നിയമം നിലവിൽ വരുന്നതിന് മുൻപ് തന്നെ 'ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് 1908' പൊതു ജനങ്ങൾക്ക് ലഭ്യമായതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകുന്നതിന് രജിസ്ട്രേഷൻ ആക്ട് പ്രകാരമുള്ള നിശ്ചിത ഫീസ് ഈടാക്കേണ്ടതുണ്ട് എന്ന വാദം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമം 22-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളത്, വിവരാവകാശ നിയമം അല്ലാതെയുള്ള മറ്റു ഏതെങ്കിലും നിയമത്താൽ പ്രാബല്യമുള്ള ഏതെങ്കിലും പ്രമാണത്തിലും അസംഗതമായി അതിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിന്റെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണെന്നാണ്. മേൽപ്പടി വകുപ്പ് വ്യക്തമാക്കുന്നത്, വിവരാവകാശ നിയമം നിലവിൽ വന്ന ശേഷം മറ്റു നിയമങ്ങളെയും ചട്ടങ്ങളെയും വിവരാവകാശ നിയമം മറികടക്കുന്നു എന്നാണ്. ആയതിനാൽ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് വിവരാവകാശ നിയമ പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാൻ സാധിക്കുയുള്ളു. അപ്രകാരം തന്നെ വിവരാവകാശ അപേക്ഷകൻ ആവശ്യപ്പെടുന്ന വിവരങ്ങൾ കണ്ടെത്തി നൽകുന്നതിലേയ്ക്കായി ബന്ധപ്പെട്ട പൊതു അധികാരി ഒരുപക്ഷേ കുറെ തെരച്ചിലുകൾ നടത്തേണ്ടി വന്നേക്കാം. ആയത് തികച്ചും സ്വാഭാവികമാണ്. എന്നാൽ അത്തരത്തിലുള്ള തെരച്ചിലുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഫീസ് ഈടാക്കാമെന്ന് Kerala Right to Information Act (Regulation of Fee & Cost Rules), 2006-ൽ ഒരിടത്തും പ്രസ്താവിച്ചിട്ടില്ല. അപേക്ഷകൻ ആവശ്യപ്പെടുന്ന വിവരങ്ങൾ എത്രയും എളുപ്പത്തിൽ കണ്ടെത്തി നൽകുന്നതിലേയ്ക്കായി ആയത് എളുപ്പത്തിൽ കണ്ടെത്തുന്നതിനുപകരിക്കുന്ന തരത്തിൽ അത്തരം വിവരങ്ങൾ ക്യാറ്റ്ലോഗ് ചെയ്തോ ഇൻഡക്സ് ചെയ്തോ സൂക്ഷിക്കണമെന്നാണ് വിവരാവകാശ നിയമം 4-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നത്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്ര
ഹർജിക്കാരന് നൽകിയ മറുപടികൾ നിയമ വിരുദ്ധമാണെന്നും
വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങ
സൗജന്യമായി ലഭിക്കാനുള്ള അർഹതയുണ്ടെന്നും കമ്മീഷൻ വിലയിരു
ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച
ദിവസങ്ങൾക്കകം സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.
പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 11-
തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk